പ്രിയപ്പെട്ട കൂട്ടുകാരേ

മാർച്ച് മാസം. ഈ സ്കൂൾ വർഷത്തിന്റെ അവസാനം.

കഴിഞ്ഞ പത്തു മാസങ്ങളിൽ നിങ്ങൾ ആർജ്ജിച്ച അറിവുകളെ വിലയിരുത്തപ്പെടുന്ന മാസം. പഠിച്ച അറിവുകളെ പുതിയ സന്ദർഭത്തിൽ പ്രയോഗിച്ച് കാണിക്കുകയാണല്ലോ വേണ്ടത്. ചൊല്ലിപ്പടിക്കുകയല്ല. ചെയ്ത് പഠിക്കണം.

ഓരോ ദിവസത്തേക്കുമുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുക. ഒരു ദിവസം ചെയ്യേണ്ടത് അന്നു തന്നെ ചെയ്തു എന്നുറപ്പാക്കണം. ഓരോ ദിവസവും രാത്രി അടുത്ത ദിവസത്തേക്കുള്ള പ്ലാൻ തയ്യാറാക്കുക. അന്ന് ചെയ്ത കാര്യങ്ങൾ വിലയിരുത്തുകയും ചെയ്യണം.

ഓരോ സെക്കന്റും വിലപ്പെട്ടതാണ്. പ്രത്യേകിച്ചും പത്താം ക്ലാസ് പരീക്ഷക്ക് തയ്യാറെടുക്കുന്നവർ തങ്ങളുടെ ജീവിത കാലം മുഴുവൻ ഉപയോഗിക്കേണ്ട ഒരു രേഖയാണല്ലോ കയ്യിൽ കിട്ടുന്നത്. അത് നമുക്ക് തലയുയർത്തി നടക്കാൻ വക നൽകുന്നതാകണം.

എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ നേരുന്നു.

കോഡിനേറ്റർ
മലർവാടി ബാലസംഘം

# അറിവു തേടി പോകാം

കൂട്ടുകാർക്ക് മലർവാടി ഒരുക്കുന്ന ഉല്ലാസപഠനയാത്ര

മലർവാടി ബാലസംഘം മിടുക്കന്മാരെ ഒന്നിച്ചു ചേർത്ത് ഒരു പഠനയാത്ര സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻതാൽപര്യമുള്ള കൂട്ടുകാർ ഉടൻ തയ്യാറായിക്കോളൂ.

* അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് യാത്രയിൽ പങ്കുചേരാം.

* വാർഷികപരീക്ഷ കഴിഞ്ഞയുടനെയായിരിക്കും യാത്ര നടത്തുക.

* കോഴിക്കോട് വയനാട് ജില്ലകളിലെ പ്രമുഖ സ്ഥലങ്ങളിലൂടെ വിദഗ്ദരായ അധ്യാപകരോടൊപ്പമാണ് യാത്ര

* യാത്രാ ചെലവ് കുട്ടികൾ സ്വയം വഹിക്കണം.

* ബയോഡാറ്റയും രക്ഷിതാവിന്റെ സമ്മതപത്രവും സഹിതം ഉടൻ അപേക്ഷിക്കൂ.

**കൂടുതൽ വിവരങ്ങൾക്ക്**
**9895437056, 9946405330**
**മലർവാടി ബാലസംഘം,**
**ഹിറാസെന്റർ**
**കോഴിക്കോട് -4**